പത്രക്കുറിപ്പ്
17-9-2018

### കേരളത്തിന്റെ പുന:സൃഷ്ടി:
## കാരുണ്യത്തിന്റെ കരുതലൊരുക്കി
## കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങളും

*** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ നൽകി ***

തിരുവനന്തപുരം: പ്രളയദുരിതങ്ങൾ ഏറെ അനുഭവിക്കേണ്ടി വന്നിട്ടും നാടിന്റെ നൻമയ്ക്കായി കാരുണ്യത്തിന്റെ കരുതലൊരുക്കുകയാണ് കുടുംബശ്രീ ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിലെ (ബി.ആർ.സി) അധ്യാപകരും അനധ്യാപകരും. സംസ്ഥാനത്തെ 114 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിലെയും അധ്യാപകരുടെയും അനധ്യാപകരുടെയും കൂട്ടായ്മയിലെ ഇരുനൂറ്റി എഴുപത്തഞ്ചോളം അംഗങ്ങളാണ് തങ്ങളുടെ നഷ്ടങ്ങൾ മറന്ന് കേരളത്തിന്റെ പുന:സൃഷ്ടിക്കായി കൈകോർത്തത്. ഈ കൂട്ടായ്മയിലെ അംഗങ്ങളായ ഷീജാ ബീഗം, അംബികാ കുമാരി, വിനീത, ശാന്തി എന്നിവർ ഒരു ലക്ഷം രൂപയുടെ ചെക്ക് കഴിഞ്ഞ വെള്ളിയാഴ്ച (14-9-2018) വ്യവസായ വകുപ്പ് മന്ത്രി ഇ.പി.ജയരാജന് കൈമാറി. പ്രളയദുരന്തത്തിൽ ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടി വന്നിട്ടും തങ്ങളാലാകുന്ന സഹായം നൽകാൻ ഇവർ മുന്നോട്ടു വരികയായിരുന്നു.

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽപരിപാലനവും സംരക്ഷണവും നൽകുന്നതാണ് കുടുംബശ്രീയുടെ ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ(ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ) അഥവാ ബി.ആർ.സി. കേരളത്തിന്റെ പുന:സൃഷ്ടിക്കായി എല്ലാവരും സ്വയം മുന്നോട്ടു വരുന്ന അവസരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തങ്ങൾക്കാവുന്ന സംഭാവന നൽകണമെന്ന ആഗ്രഹത്തെ തുടർന്നാണ് ഇവരെല്ലാവരും ഒരേ മനസോടെ ഇതിനായി മുന്നിട്ടിറങ്ങിയത്. തുടർന്ന് ഇവരെല്ലാം ചേർന്ന് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഒരു ലക്ഷം രൂപ സമാഹരിക്കുകയായിരുന്നു. ഇതിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ എല്ലാ ബി.ആർ.സി സ്ഥാപനങ്ങളും പ്രളയത്തിൽ മുങ്ങിപ്പോയവയാണ്. ഇവിടങ്ങളിലെ അധ്യാപകരുടെയും അനധ്യാപരുടെയും വീടുകളിലും വെള്ളം കയറി നിരവധി നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകരിൽ തന്നെ പലർക്കും മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവരാണ്. ഈ കുട്ടികളും ബി.ആർ.സിയിലെ അന്തേവാസികളാണ്. മിക്ക ബി.ആർ.സി സ്ഥാപനങ്ങളിലും വെള്ളപ്പൊക്കത്തിന്റെ രൂക്ഷത അനുഭവിക്കേണ്ടി വന്നിരുന്നെങ്കിലും അത് കണക്കിലെടുക്കാതെ അവിടുത്ത അധ്യാപകർ എല്ലാവരും തങ്ങളുടെ സംഭാവനകൾ നൽകാൻ സ്വയം മുന്നോട്ടു വരികയായിരുന്നു.

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന 2834 കുട്ടികളാണ് ഈ സ്ഥാപനങ്ങളിലുള്ളത്. അപ്രതീക്ഷിതമായെത്തിയ പ്രളയക്കെടുതിയിൽ ഈ സ്ഥാപനങ്ങളും അവരുടെ വീടുകളും വെള്ളത്തിനടിയിലായതോടെ അധ്യാപകരും രക്ഷകർത്താക്കളും ഏറെ പ്രയാസങ്ങൾ നേരിട്ടാണ് ഇവരെ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചത്. പ്രളയം തകർത്ത കേരളത്തിനു കൈത്താങ്ങാകാൻ കഴിയുന്നതിന്റെ സന്തോഷത്തിലാണ് ബി.എർ.സിയിലെ അധ്യാപകർ.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**